LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് [സ.ഉ.(പി) നമ്പർ 269/2015/ഫിൻ, തീയതി 3-7-2015] പുറപ്പെടുവിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോഗ്രാമിന് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്. പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്ക് സബ്സിഡി ലഭിക്കുന്നു. RSS-4, RSS-5 ഗ്രേഡിനും സബ്സിഡി അനുവദിക്കുന്നതാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## കാർഷിക നയം

**152 (4190)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) കാർഷിക നയം നടപ്പാക്കുന്നതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ) കാർഷിക നയത്തിന് സർക്കാർ 28-3-2015 സ.ഉ.(പി) 59/15 കൃഷി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കൃഷി ഭൂമി പരമാവധി ഉപയോഗപ്പെടുത്തി കാർഷികവൃത്തിയിൽനിന്ന് വരുമാനം ഉറപ്പാക്കുക, കർഷകർക്കും കർഷകത്തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കുക, കൃഷി ഭൂമിയുടെ സുസ്ഥിരസംരക്ഷണം ഉറപ്പാക്കുക, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേക്കാകർഷിക്കുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങളാണ് കാർഷിക വികസന നയം നടപ്പാക്കുന്നതുവഴി കൈവരിക്കുവാൻ ലക്ഷ്യമിടുന്നത്.

(സി) കർഷകത്തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ തൊഴിൽ ബാങ്കുകൾ തുടങ്ങുന്നതിന് നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്.

കാർഷിക രംഗത്ത് നൂറു ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രോത്സാഹന ധനസഹായം നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

**കാർഷിക നയം**

**153 (4191)** <u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> :
<u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അംഗീകരിച്ച കാർഷിക നയം നടപ്പാക്കണമെങ്കിൽ എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് നടത്തേണ്ടത്;

(ബി) നിയമനിർമ്മാണം നടത്തുവാൻ എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചത്;

(സി) കരടുനിയമം തയ്യാറാക്കിയിട്ടുണ്ടോ ; നിയമത്തിന്റെ കരട് ക്യാബിനറ്റിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ ഈ ബില്ലുകൾ അവതരിപ്പിക്കുവാൻ നിർദ്ദേശിക്കുന്നുണ്ടോ ;

(ഇ) നിയമനിർമ്മാണം ആവശ്യമില്ലാത്ത കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(എഫ്) തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ കാർഷിക നയത്തിനനുസൃതമായിട്ടാണോ പദ്ധതികൾ വിഭാവന ചെയ്തിട്ടുള്ളത് ; സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്ത് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly